# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1849 08.06.2018-ൽ മറുപടിക്ക്

### പുരാരേഖ,പുരാവസ്തു വകുപ്പുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.ജി.എസ്.ജയലാൽ

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീമതി സി.കെ. ആശ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാരേഖ, പുരാവസ്തു വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും , ശാക്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പുരാവസ്തു - പുരാരേഖാ വകുപ്പ് ഓഫീസുകളിൽ ബയോ മെട്രിക് സംവിധാനം, പഞ്ചിംഗ്, ഹാജർ മോണിറ്ററിംഗ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വാർഷിക പ്രവർത്തനങ്ങൾക്കായുള്ള റോഡ് മാപ്പ് തയ്യാറാക്കി സമയബന്ധിതമായി അവ നടപ്പാക്കി വരുന്നു. പുരാരേഖ വകുപ്പിൽ പൊതുജനങ്ങളുമായി ബന്ധപ്പെട്ട് വിവരാവകാശം പോലുള്ള അപേക്ഷകൾ ഓൺലൈൻവഴി സ്വീകരിക്കു ന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>പുരാരേഖ- പുരാവസ്തു വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ പ്രത്യേക ഏജൻസിയെ കൊണ്ട് തയ്യാറാക്കുന്നതിലേക്കായി പരിഗണനാ വിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ ഓഫ് എപ്പിഗ്രാഫിയെ ലിപി പഠനത്തിനും പരിശീലനത്തിനുമുള്ള ദേശീയനിലവാരമുള്ള കേന്ദ്രമാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ശ്രീപാദം കൊട്ടാരത്തിൽ സ്കൂൾ ഓഫ് എപ്പിഗ്രാഫിയെ വിപുലീകരിക്കുന്നതിനും അവിടെ എപ്പിഗ്രാഫിയിൽ ഹ്രസ്വകാല ലിപി പഠന ക്ലാസ്സുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ലിപി പഠന ക്ലാസ്സുകൾ തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ചരിത്രരേഖകളുടെയും, ചരിത്ര സ്മാരകങ്ങളുടെയും സംരക്ഷണം സംബന്ധിച്ച അവബോധം പകർന്നു നൽകുന്നതിന് ഈ വകുപ്പുകൾ | (സി) | പുരാരേഖാ വകുപ്പിൽ വിദ്യാർത്ഥികളിൽ ചരിത്ര അവബോധം വളർത്തുന്നതിനായി വിദ്യാലയങ്ങളിൽ ഹെറിറ്റേജ് ക്ലബ്ബ് ആരംഭിച്ചു. ഹെറിറ്റേജ് ക്ലബ്ബിലെ കുട്ടികൾക്കായി ചരിത്ര |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | | ക്വിസ്സും, ഹെറിറ്റേജ് ടൂറും നടത്തി വരുന്നു. കൂടാതെ കേരളത്തിൽ ഉടനീളം ചരിത്ര പ്രദർശനം, സെമിനാർ, വർക്ക് ഷോപ്പ് എന്നിവയും നടത്തി വരുന്നു. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ഹൈദരബാദ് എന്നിവിടങ്ങളിലെ മലയാളികൾക്കായി സാംസ്കാരികോത്സവം സംഘടിപ്പിച്ചിരുന്നു. കമ്മ്യൂണിറ്റി ആർക്കൈവ്സിന്റെ ഭാഗമായി പ്രാദേശിക ചരിത്രരേഖകൾ കണ്ടെത്തുന്നതിന് 70000 വോളന്റിയർമാർ പങ്കെടുക്കുന്നു. സർവ്വേയും കൺസർവേഷൻ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.<br>പുരാവസ്തു വകുപ്പിൽ ചരിത്രസ്മാരകങ്ങളുടെയും ചരിത്ര ശേഷിപ്പുകളുടേയും സംരക്ഷണം സംബന്ധിച്ച് അവബോധം പകർന്ന് നൽകുന്നതിലേക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ മേളകളിലും വകുപ്പിന്റെ പ്രദർശനം, സെമിനാർ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ പുരാവസ്തു സംബന്ധിയായ പുസ്തകങ്ങളും വകുപ്പ് പ്രസിദ്ധീകരിക്കുന്നു. കൂടാതെ കേരളത്തിന്റെ സാംസ്കാരിക ചരിത്ര പൈതൃകം മറുനാടൻ മലയാളികൾക്ക് പകർന്ന് കൊടുക്കുന്നതിനായി പുരാവസ്തു വകുപ്പ് മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുമായി ചേർന്ന് കേരള ചരിത്ര പൈതൃകോത്സവങ്ങൾ സംഘടിപ്പിക്കാറുണ്ട്.<br>സംസ്ഥാനത്തിനകത്തുംപൈതൃകോത്സവങ്ങൾസംഘടിപ്പിച്ചു വരുന്നു.2018 മാർച്ചിൽ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിച്ചു. |
| (ഡി) | മഹാന്മാരുടെ കൈയ്യൊപ്പുകൾ സൂക്ഷിക്കുന്ന കൈയ്യൊപ്പ് രേഖാമ്യൂസിയം സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | പുരാരേഖാ വകുപ്പിൽ അന്തർദേശീയ/ദേശീയ/ പ്രാദേശികമായി വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച വിശിഷ്ട വ്യക്തികളുടെ കൈയൊപ്പ് രേഖാലയ മ്യൂസിയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**